(ബി) മലയോര മേഖലയിലെ യാത്രാക്ലേശം പരിഹരിക്കാൻ കൂടുതൽ ബസ്സുകൾ പേരാവൂർ മണ്ഡലത്തിൽ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മൂന്ന് പുതിയ സർവ്വീസുകൾ അനുവദിച്ചിട്ടുണ്ട്.

1. 7-20 മണി കണ്ണൂർ - കൊടോളിപ്പുറം
2. 7.40 മണി കണ്ണൂർ - പള്ളിയം
3. 9.30 മണി കണ്ണൂർ - മട്ടന്നൂർ

(ബി) മലയോര മേഖലയിലെ യാത്രക്ലേശം പരിഹരിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ - ഇരിട്ടി ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് നിർദ്ദേശമുണ്ട്. എന്നാൽ ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാലാണ് ഇക്കാര്യം പരിഗണിക്കുവാൻ കഴിയാതിരിക്കുന്നത്.

ചാത്തന്നൂർ ഡിപ്പോയിൽ നിന്നുള്ള സ്റ്റേ സർവ്വീസുകൾ

112 (2211) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും 2009-ൽ എത്ര സ്റ്റേ ബസ്സുകൾ ;

(ബി) ഇപ്പോൾ എത്ര സ്റ്റേ ബസ്സുകൾ പോകുന്നുണ്ട് ;

(സി) സ്റ്റേ ബസ് സർവ്വീസുകൾ നിറുത്തലാക്കുന്നതിന് പ്രത്യേക കാരണങ്ങളുണ്ടോ ; ഉണ്ടെങ്കിൽ എന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) സ്റ്റേ ബസ് സർവ്വീസുകൾ നടത്താത്തതു നിമിത്തം ജനങ്ങൾക്കുണ്ടാകുന്ന അസൗകര്യങ്ങളും ദുരിതങ്ങളും സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) എട്ട് എണ്ണം

(ബി) പതിനെട്ട് എണ്ണം

(സി) 2009-ൽ എഴുകോൺ സ്റ്റേ സർവ്വീസ് പോയ ജീവനക്കാരെ മർദ്ദിച്ചതുമായി ബന്ധപ്പെട്ട് സ്റ്റേ സർവ്വീസ് താത്ക്കാലികമായി നിർത്തിവയ്ക്കുകയുണ്ടായി. സ്റ്റേ റും ഇല്ലാതാകുകയും ചെയ്തു. ആറുമാസം കഴിഞ്ഞ് പുതിയ സ്റ്റേ റും ലഭ്യമായതോടെ പ്രസ്തുത സ്റ്റേ സർവ്വീസ് പുനരാരംഭിക്കുകയുണ്ടായി. ഇതു കൂടാതെ ജീവനക്കാരെ മർദ്ദിച്ചത് സംബന്ധിച്ച് വെള്ളിമൺ സ്റ്റേ

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസ് കുണ്ടറ പോലീസ് സ്റ്റേഷനുമുന്നിലേക്ക് മാറ്റുകയുണ്ടായിട്ടുണ്ട്. ഈ മാറ്റങ്ങളല്ലാതെ വേറെ ഒരു സ്റ്റേ സർവ്വീസും നിർത്തലാക്കിയിട്ടില്ല.

(ഡി) ലഭിച്ചിട്ടുണ്ട്.

(ഇ) ജീവനക്കാരെ മർദ്ദിച്ചത് സംബന്ധിച്ച പോലീസ് നടപടി പൂർത്തിയാകുന്ന മുറയ്ക്ക് വെള്ളിമൺ സ്റ്റേ സർവ്വീസ് പുനരാരംഭിക്കുന്നതാണ്.

കൊട്ടാരക്കര-കൊല്ലം ഭാഗത്തേക്ക് ലോ ഫ്ളോർ സർവ്വീസുകൾ നടത്തുന്നതിന് നടപടി

113 (2212) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദീർഘദൂര ലോ ഫ്ളോർ ബസ് സർവ്വീസുകളുടെ പ്രവർത്തനം വിജയകരമാണോ ;

(ബി) ദീർഘദൂര സർവ്വീസുകളിൽ യാത്രാ നിരക്ക് കൂടുതലാണെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) കൊട്ടാരക്കര, കൊല്ലം ഭാഗത്തേക്ക് പരീക്ഷണാടിസ്ഥാനത്തിൽ ലോ ഫ്ളോർ ബസ്സുകൾ സർവ്വീസ് നടത്തുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുമോ ?

ഉത്തരം

(എ) ജനറം പദ്ധതിയിൽ ലോഫ്ളോർ ദീർഘദൂര സർവ്വീസുകൾ ഇല്ല. സിറ്റി പരിധിക്കു പുറത്തേക്ക് ദീർഘിപ്പിച്ച സർവ്വീസുകൾ വിജയകരമാണ്.

(ബി) യാത്രാനിരക്ക് കൂടുതലാണെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) തിരുവനന്തപുരം ജില്ലയ്ക്ക് പുറത്തേക്ക് സർവ്വീസ് നടത്താൻ ജനറം ബസുകൾക്ക് അനുവാദം ഇല്ലാത്തതിനാൽ കൊല്ലം കൊട്ടാരക്കര തുടങ്ങിയ സ്ഥലങ്ങളിലേക്ക് സർവ്വീസ് നടത്തുന്നതിന് തൽക്കാലം സാധ്യമല്ല.

പൊന്നാനി- ചാവക്കാട് നെടുമ്പാശ്ശേരി ബസ് സർവ്വീസ്

114 (2213) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനിയിൽ നിന്നും ചാവക്കാട്, ഏനാമാവ്, കാഞ്ഞാണിവഴി നെടുമ്പാശ്ശേരിയിലേക്ക് ബസ് സർവ്വീസ് നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത റൂട്ടിൽ ബസ് സർവ്വീസ് ആരംഭിക്കുമോ എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly